# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2822 | 13.03.2020-ലെ മറുപടിയ്ക്ക് |
|---|---|

**പൊതു നിർമ്മാണ പ്രവൃത്തികൾക്ക് സ്ഥലം ഏറ്റെടുക്കുന്നതിലെ കാലതാമസം**

| ചോദ്യം<br>ശ്രീ.സജി ചെറിയാൻ | ഉത്തരം<br>ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് റോഡ്/പാലം തുടങ്ങിയ പൊതു നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ സ്ഥലം എൽ.എ.ആർ.ആർ. ആക്ട് 2013 പ്രകാരം ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇപ്രകാരം സ്ഥലം ഏറ്റെടുക്കുമ്പോൾ നടത്തുന്ന സാമൂഹ്യ ആഘാതപഠനം വലിയ തോതിലുള്ള സ്ഥലം ഏറ്റെടുക്കുമ്പോൾ മാത്രമായി പരിമിതപ്പെടുത്തുന്നത് പരിഗണിക്കുമോ; | (ബി) | എൽ.എ.ആർ.ആർ.ആക്ട്, 2013 സെക്ഷൻ 40 അനുസരിച്ചുള്ള അടിയന്തര സാഹചര്യത്തിലുള്ള ഭൂമി ഏറ്റെടുക്കലുകൾക്ക് മാത്രമേ സാമൂഹ്യ പ്രത്യാഘാത പഠനത്തിൽ നിന്നും ഒഴിവാക്കാൻ കഴിയുകയുള്ളൂ. മറ്റുള്ള ഭൂമി ഏറ്റെടുക്കലിൽ നിർബന്ധമായും സാമൂഹ്യ പ്രത്യാഘാത പഠനം നടത്തിയ ശേഷം മാത്രമേ നടപടികൾ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. |
| (സി) | സ്ഥലം ഉടമകൾ ഡയറക്ട് പർച്ചേസ്/നെഗോഷ്യേറ്റഡ് പർച്ചേസിനു തയ്യാറാകുന്ന സാഹചര്യത്തിൽ അപ്രകാരം സ്ഥലം ഏറ്റെടുക്കുന്നത് സർക്കാർ പരിഗണിക്കുമോ; | (സി) | LARR Act -ലെ വ്യവസ്ഥകൾക്ക് വിധേയമായി ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ ഭൂവുടമകൾ സമ്മതപത്രം നൽകുന്ന പക്ഷം എൽ.എ.ആർ.ആർ ആക്ടിലെ സെക്ഷൻ 108 പ്രകാരം രൂപീകരിച്ചിട്ടുള്ള സ്റ്റേറ്റ് പോളിസിയുടെ അടിസ്ഥാനത്തിൽ നെഗോഷ്യേറ്റ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് ഭൂവുടമകളെ വിളിച്ചുകൂട്ടി ഡിസ്ട്രിക്ട് ലെവൽ ഫെയർ കോംപൻസേഷൻ, റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് കമ്മിറ്റി (DLFC) കൂടുന്നതും ആയത് ചീഫ് സെക്രട്ടറി അധ്യക്ഷനായ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമായി സ്ഥലം ഏറ്റെടുത്ത് നൽകാറുണ്ട്. പ്രസ്തുത കേസുകളിൽ സെക്ഷൻ 19(1) അനുസരിച്ചുള്ള പ്രഖ്യാപനം പുറപ്പെടുവിച്ചതിനു ശേഷമാണ് DLFC-ൽ ഭൂവുടമകളുമായി ചർച്ച നടത്തുന്നത്.<br><br>കൂടാതെ ഡയറക്ട് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി ജില്ലാ കളക്ടർ പ്രൊപ്പോസൽ സമർപ്പിക്കുന്ന അവസരങ്ങളിൽ ആയതിന് അനുമതി നല്കാറുണ്ട്. അത്തരം കേസുകളിൽ സർവേസ് & ബൗണ്ടറീസ് ആക്ട്, 1961 പ്രകാരം |

| | | | |
|---|---|---|---|
| | | | 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഭൂവുടമകളെ വിളിച്ചുകൂട്ടി ജില്ലാ കളക്ടർ ഡി.എൽ.എഫ്.സി കൂടി സ്ഥലവില അംഗീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ SLEC യോഗത്തിൽ സമർപ്പിച്ച് SLEC-യുടെ അംഗീകാരത്തിനു വിധേയമായി സ്ഥലം ഏറ്റെടുക്കുന്ന നടപടികളുമായി മുന്നോട്ടു പോകാവുന്നതാണ്. |
| (ഡി) | റോഡ്/പാലം തുടങ്ങിയ പൊതു നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ സ്ഥലം വേഗത്തിൽ ഏറ്റെടുത്ത് നൽകി പദ്ധതി പ്രവർത്തനങ്ങളുടെ കാലതാമസം ഒഴിവാക്കി പൂർത്തീകരിക്കുന്നതിനുള്ള സാഹചര്യം ലഭ്യമാക്കുന്നത് പരിഗണിക്കുമോ? | (ഡി) | എൽ.എ.ആർ.ആർ ആക്ട്, 2013 പ്രതിപാദിക്കുന്ന സമയപരിധിക്കുള്ളിൽ പരമാവധി സമയം കുറച്ച് സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് നടന്നു വരുന്നത്. |

സെക്ഷൻ ഓഫീസർ